# വനംകയ്യേറ്റം: വീരേന്ദ്രകുമാറിനെ രക്ഷിക്കാൻ രേഖകൾ പൂഴ്ത്തി

പ്രമോദ് സുബ്രഹ്മണ്യൻ

കൊച്ചി: വനഭൂമി വ്യാജ ഉത്തരവുകളുപയോഗിച്ച് തട്ടിയെടുക്കുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്ന സി.ബി.ഐ. സംഘത്തിന് വയനാട്ടിലെ വനംതട്ടിപ്പ് സംബന്ധിച്ച് പരാതിക്കാരൻ ഏൽപിച്ച രേഖകൾ സി.ബി.ഐ. അഭിഭാഷകൻ അന്വേഷണസംഘത്തിൽ നിന്നും മറച്ചുവെച്ചതായി ആരോപണമുയർന്നിരിക്കുന്നു.

മാതൃഭൂമി ദിനപ്പത്രത്തിൻെറ മുൻ ഡെപ്യൂട്ടി ന്യൂസ് എഡിറ്ററും മാതൃഭൂമി ഫ്രീപ്രസ്സ് ഫോറം കൺവീനറുമായ പി. രാജൻ ഇതേപ്പറ്റി സുപ്രീം കോടതി ചീഫ് ജസ്റ്റീസിനും സെൻട്രൽ വിജിലൻസ് കമ്മീഷ്ണർക്കും സി.ബി.ഐ. ഡയറക്ടർക്കും പരാതികൾ അയച്ചതോടെയാണ് സംഭവം പുറംലോകമറിഞ്ഞിരിക്കുന്നത്.

സർക്കാരറിയാതെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വ്യാജ ഓർഡറുകളുണ്ടാക്കി വനഭൂമി തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് സംസ്ഥാനവ്യാപകമായി ത്തന്നെ ഇത്തരമൊരു റാക്കറ്റ് നിലനിൽക്കുന്നതായി ഹൈക്കോടതി സംശയം പ്രകടിപ്പിച്ചതും സി.ബി.ഐ. അന്വേഷണത്തിനായി ശുപാർശ ചെയ്തതും.

ഇതിനെത്തുടർന്ന് നിലവിൽവന്ന സി.ബി.ഐ. അന്വേഷണസംഘം മുമ്പാകെ ഹാജരാക്കുന്നതിനാണ് പി. രാജൻ അഡ്വക്കേറ്റ് കെ.പി. സതീശന് രേഖകൾ കൈമാറിയത്. എന്നാൽ ഇവ സി.ബി.ഐ. അന്വേഷണസംഘത്തിന് ലഭിച്ചിട്ടില്ല എന്നു മനസ്സിലായതിനെത്തുടർന്നാണ് അദ്ദേഹം പരാതിയുമായി രംഗത്തെത്തിയിരിക്കുന്നത്. 1966ൽ പൊതു ആവശ്യത്തിനായി വയനാട് ജില്ലയിലെ കൃഷ്ണഗിരി (പുറക്കാടി), അമ്പലവയൽ വില്ലേജുകളിൽ സർക്കാർ മാറ്റിവെച്ച 1575 ഏക്കർ 18 സെൻറ് വനഭൂമി പലരായി കയ്യേറിയിരുന്നു.

ഇതിൽ 135 ഏക്കറിലധികം ഭൂമി ഇപ്പോൾ മാതൃഭൂമി മാനേജിംഗ് ഡയറക്ടറായ വീരേന്ദ്രകുമാറും സഹോദരൻ എം.പി. ചന്ദ്രനാഥും കൈവശപ്പെടുത്തുകയും വൻതോതിൽ മരം മുറിച്ചുമാറ്റുകയും ചെയ്തിരുന്നു. പിന്നീട് ഈ ഭൂമിഇടപാട് വിവാദമായതിനെത്തുടർന്ന് കയ്യേറിയ പലരും ഭൂമി ഉപേക്ഷിക്കുകയും കൈമാറുകയും ചെയ്തു. ഇതിലുൾപ്പെട്ട 14.44 ഏക്കർ വനഭൂമിയാണ് 1974ൽ ജില്ലാ ഭരണകൂടത്തെ സ്വാധീനിച്ച് വീരേന്ദ്രകുമാർ കൈവശപ്പെടുത്തിയത് (ഫയൽ നമ്പർ: L-7,38538/73). ഈ സ്ഥലം രേ

(ശേഷം പേജ് 5)